കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.ടി.എം.പി.8.2519/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/01/2023
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.8.2519/2022 തീയ്യതി: 07/01/2023

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി ആർ	ഡെപ്യൂട്ടി ഡയറക്ടർ	07-12-2022	16-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-12-2022	16-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി ഓഡിറ്റ് ഓഫീസർ
ശ്രീ സുമേഷ് പി വി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി ടി വി ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ റ്റി കെ വാസുദേവൻ നായർ	പ്രസിഡന്റ്	01-04-2021	31-03-2022

ശ്രീമതി സിന്ധു എൻ ,അസി.സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2021	13-04-2021
ശ്രീ മാത്യു കെ ഡാനിയൽ	സെക്രട്ടറി	14-04-2021	05-05-2021
ശ്രീമതി സിന്ധു എൻ അസി.സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-05-2021	23-06-2021
ശ്രീ മാത്യു കെ ഡാനിയൽ	സെക്രട്ടറി	24-06-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിന്ധു എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ശ്രീമതി മീഡിയ റാണി	അസിസ്റ്റ് എഞ്ചിനീ.ർ	01-04-2021	31-03-2022
ശ്രീ പ്രദീഷ് കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ശ്രീമതി വിദ്യാദേവി കെ ആർ	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി ശ്രുതിരാജ് ആർ	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി നിഷ മോഹൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2021	31-03-2022
ശ്രീമതി മീനു ഇന്ദുചൂഡൻ	മെഡിക്കൽ ഓഫീസർ (പി എച്ച് സി)	01-04-2021	31-03-2022
ശ്രീമതി ബിന്ദു റാണി എം	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീ പ്രിൻഷാദ് പി വൈ	വി ഇ ഒ	01-04-2021	31-03-2022
ശ്രീമതി ജിഷമോൾ എ ബി	വി ഇ ഒ	19-07-2021	31-03-2022
ശ്രീമതി മോളി എച്ച് എം	ഹെഡ്മിസ്ട്രസ്	01-04-2021	31-03-2022
ശ്രീമതി ഡോ. സ്മിത ജി പണിക്കർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക കണക്കിലെ അപാകതകൾ	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ.	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	സ്കൂൾ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടില്ല	1-11
12	തൊഴിൽ നികുതി-ചുമത്തിയതിലും ഈടാക്കിയതിലും അപാകതകൾ	1-12
13	മാർക്കറ്റ് വരവ്--കുടിശ്ശിക ഈടാക്കേണ്ടതാണ്	1-13
14	തനതുവരവ് ക്രഡിറ്റ് ചെയ്യുന്നതിനുള്ള പലിശരഹിത അക്കൗണ്ടിൽ (ഇ-പേമെന്റ് അക്കൗണ്ട്) 70 ലക്ഷത്തിലധികം രൂപ നിലനിൽക്കുന്നു.	1-14
15	പൊതു ശ്മശാനം ആധുനികവൽക്കരണം - നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്.	1-15
16	ഭിന്നശേഷി സൗഹൃദപാർക്ക് നിർമ്മാണം- പാർക്ക് നിർമ്മിച്ചിട്ടില്ല.	1-16
17	ഒരേലക്ഷ്യത്തിനായി നിരവധി പ്രോജക്ടുകൾ -ആസൂത്രണത്തിലെ പോരായ്മ	1-17
18	പെരുവ പി.എച്ച്.സി റീ വയറിംഗ് - നികുതി വിഭവങ്ങൾ കുറവ് ചെയ്തില്ല.	1-18
19	അങ്കണവവാടികൾക്ക് ഏകീകൃത നെയിംബോർഡ് - അപാകതകൾ.	1-19
20	ആംബുലൻസ് വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമായില്ല.	1-20
21	പൊതു ടാപ്പുകൾ കുറവു ചെയ്തിട്ടുണ്ടെങ്കിലും വെള്ളക്കരം ക്രമീകരിച്ചിട്ടില്ല.	1-21
22	കോവിഡ് സ്പെഷ്യൽ പ്രോജക്ട് - ലോഗ് ബുക്ക് ലഭ്യമായില്ല.	1-22
23	പമ്പ് സെറ്റ് വാങ്ങൽ - കരാറിലേർപ്പെട്ടില്ല.	1-23
24	പാലിയേറ്റീവ് ഉപകരണങ്ങൾ - പൂർണ്ണമായി ലഭ്യമായില്ല.	1-24
25	എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമായില്ല.	1-25
26	ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമായില്ല	1-26
27	കോവിഡ് ചെലവുകൾ - അവലോകനം	1-27
28	ടേക്ക് എ ബ്രേക്ക് - ടോയ്ലറ്റ് കോംപ്ലക്സുകൾ ജലലഭ്യത ഉറപ്പാക്കി പ്രവർത്തനയോഗ്യമാക്കിയിട്ടില്ല	1-28
29	ക്ലോസ് ചെയ്ത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്യപ്പെട്ട 82,928/- രൂപ ഓഡിറ്റ് തീയതിയിലും തിരികെ ലഭിച്ചിട്ടില്ല.	1-29
30	ഓഡിറ്റ് ഇംപാക്ട്	1-30
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10

11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15-2-21 ലെ തീരുമാനപ്രകാരം (നം 1) അംഗീകരിച്ച 2021-22 വർഷത്തെ കരട് ബജറ്റ് 17-2-21-ൽ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ബജറ്റിന്മേലുള്ള ചർച്ചകൾക്കുശേഷം ആവശ്യമായ ഭേദഗതികൾ വരുത്തി 20.02.2021 ലെ കമ്മിറ്റിയിൽ പുനരവതരിപ്പിക്കുകയും ചെയ്തു. പഞ്ചായത്ത് കമ്മിറ്റി 1(1)-ാം നം. തീരുമാനപ്രകാരം തൻവർഷത്തേക്കുള്ള അന്തിമ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	5,229,083/-	19396251
വരവ്	196674601	81343407
ആകെ	201903684	100739928
ചെലവ്	195447310	76999367
നീക്കിയിരിപ്പ്	6456374	23740561

വാർഷികപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വരവുചെലവു കണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി, ധനകാര്യസ്ഥിരം സമിതിയുടെ 25-1-22 ലെ യോഗതീരുമാനപ്രകാരം അംഗീകരിച്ച പുതുക്കിയ ബജറ്റിന് ഭരണസമിതിയുടെ 14-2-22 ലെ യോഗ(അജണ്ട- 78) തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	1,58,49769
വരവ്	173919118
ആകെ	189768887
ചെലവ്	172506807
നീക്കിയിരിപ്പ്	17262080

1-2 വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 16,531,392/- രൂപയും ചെലവ് 164182117/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 1131275/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 57860580.60/- രൂപയുംബാധ്യതകളുടെ മൂല്യം 57590296.60/- രൂപയും ജനറൽ ഫണ്ട് 270284/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. പ്രോജക്ട് 184/22 പ്രകാരം ആബുലൻസ് വാങ്ങുന്നതിന് ചെലവഴിച്ച ജില്ലാ പഞ്ചായത്ത് വിഹിതം 1,150,000/-രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. തൻവർഷ കുടിശ്ശിക തുകകൾക്കായി ഇൻകം & എക്സപെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. എം ജി എൻ ആർ ഇ ജി എസ് കാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	19396521
ഓഡിറ്റ് വർഷത്തെ വരവ്	81343407
ആകെ	100739928
ഓഡിറ്റ് വർഷത്തെ ചെലവ്	76999367
നീക്കിയിരിപ്പ്	23740561

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7,79,421

1-4 ഗ്രാന്റ് വിനിയോഗം

പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ് വരവ് +ജി ഒ പ്രോജക്ട് ഉൾപ്പെടെ	ആകെ	ചെലവ് + ജി ഒ പ്രോജക്ട് ഉൾപ്പെടെ	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	0	18,440,000	18,440,000	17,173,043	1,266,957	93%
വികസന ഫണ്ട്-SCP	0	5,483,000	5,483,000	5,477,487	5513	99%
വികസന ഫണ്ട്-TSP	0	0	0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	0	9,845,045	9,845,045	6,432,404	3,412,641	65%
ധനകാര്യ * കമ്മീഷൻ ഗ്രാന്റ്(Untied)	0	5,026,290	5,026,290	4,987,801	38,489	99%
മെയിന്റനൻസ് ഗ്രാന്റ്-Non Road	0	5,975,995	5,975,995	4,708,940	1,267,055	78%
മെയിന്റനൻസ് ഗ്രാന്റ്-Road	0	11,466,000	11,466,000	8,805,170	2,660,830	76%
ഐ സി ഡി എസ്	681,464	809,832	1491,296	1300,000	191296	87%
ശുചിത്വ മിഷൻ ഗ്രാന്റ്	1400814	58009	1628823	1628823	0	100%
എം ജി എൻ ആർ ഇ ജി എസ്	96060	21,971,048	22,067,108.8	22,065,854.24	1254	

* പലിശയിനത്തിൽ 60405/- രൂപ CFC Untied ഗ്രാന്റിൽ വരവ് വന്നിട്ടുണ്ട്.

1. ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടാത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട് ഫണ്ട് (ജനറൽ),എസ്.സി.പി, ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 പദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 18.01.2021 ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പു യോഗം 19-01-2021 ചേരുകയും 10- 02.2021 മുതൽ 14.02.2021 വരെയുള്ള തീയതികളിൽ പദ്ധതി ആസൂത്രണ/ രൂപീകരണ ഗ്രാമസഭകൾ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. വികസന സെമിനാർ നടന്നത് 16.02.2021 ലാണ്. കോവിഡ് പ്രോട്ടോക്കോൾ

നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 02.01.2022 തീയതിയിലെ ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 22.02.2022ലും ഊരുകൂട്ടം 19.01.2022 **ലും** യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 20.05.2021 ലെ I(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 10.03.2022 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
183	8,72,12,185	151	57765187	29	82.51

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം	തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	ആകെ ചെലവ്	ചെലവുശതമാനം
കൃഷി ഓഫീസർ	7	7	2374000	1700661	71.6
വെറ്റിനറി സർജൻ	6	6	1388000	1359539	97.95
മെഡിക്കൽ ഓഫീസർ സി.എച്ച്.സി	8	8	2521750	2479779	98
മെഡിക്കൽ ഓഫീസർ ഹോമിയോ	1	1	160000	160000	100
വി.ഇ.ഒ	14	14	24662300	14965775	60.68
ഐ.സി.ഡി.എസ് സൂപ്പർവൈസർ	5	5	5374750	4563207	84.9
സെക്രട്ടറി	45	31	21966315	10070412	45.84
അസിസ്റ്റന്റ് എൻജിനീയർ	81	66	22606130	17528843	77.54
ഹെഡ് മാസ്റ്റർ	5	4	966200	928790	96
ഡയറി ഫാം ഇൻസ്ട്രക്ടർ	3	13	35,28,240	2578240	73
അസിസ്റ്റന്റ് സെക്രട്ടറി	8	6	1664500	1429941	85.9
ആകെ	183	151	87212185	57765187	66.23

<u>അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ</u>

എൻജിനീയർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന 81 പ്രോജക്ടുകളിൽ 23 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. 19 സ്പിൽ ഓവർ പ്രോജക്ടുകളും 47 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 66 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട് . വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ്, ടാറിംഗ്/റീടാറിംഗ്, പൊതുകിണറുകളുടെ നവീകരണം, മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം, സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, ടേക്ക് എ ബ്രോക്ക് പദ്ധതിയുടെ ഭാഗമായി പൊതു ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം മുതലായവയാണ് പ്രധാന പ്രോജക്ടുകൾ. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും കൃത്യതയോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജിനത്തിൽ അധിക തുക കൺവീനർമാർക്ക് അനുവദിച്ച് നൽകിയത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് തുക തിരികെ അടവാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് എം.സി.എഫ് നിർമ്മാണത്തിനായി പ്രോജക്ട് ആവിഷ്ക്കരിച്ചത് ശരിയായ ആസൂത്രണവും കൃത്യമായ പഠനവും നടത്താതെയാണ്. ആയതിനാൽ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായി പ്രോജക്ട് ആവിഷ്ക്കരിക്കാതിരുന്നതിനാൽ ഒരേ കാര്യത്തിനായി 5 പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. ടേക്ക് എ ബ്രോക്ക് പദ്ധതി പ്രകാരം പണികഴിപ്പിട്ടുള്ള ടോയ് ലറ്റ് ബ്ലോക്കുകളിൽ ജലലഭ്യതയ്ക്കുള്ള സൗകര്യമൊരുക്കി പ്രവർത്തനയോഗ്യമായിട്ടില്ല. ഭിന്നശേഷി കുട്ടികൾക്ക് പാർക്ക് നിർമ്മാണം -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല . (ഖണ്ഡിക കാണുക)

<u>ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല , ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല .</u>

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാനവൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട് . ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 11/12-12-22) ലഭ്യമാക്കിയ മറുപടിയിൽ ആസ്തികൾ പരിപാലിക്കുന്നതിനായി അസറ്റ് ഡിജിറ്റൈലൈസേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആസ്തികൾ കാലികമാക്കി ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

<u>റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല</u>

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി ഓഡിറ്റ് വർഷം വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും നാളിതുവരെ നടപ്പായിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവിലെ നിരദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികള സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/12-12-22)) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും 22-23 വർഷം പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് റോഡ് കണക്ടിവിറ്റി മാപ്പിംഗിനുള്ള പ്രോജക്ട് നടപ്പാക്കി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2021-22 വർഷം 40 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 17 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 635പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 236 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 170 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 61973 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 255 അയൽകൂട്ടങ്ങളിൽ 255 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 978 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നീർത്തടവികസനം, തോട് പുനരുദ്ധാരണം, തുടങ്ങിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.കാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് പ്രകാരമുള്ള 2021-22വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
കാഷ്	96060	364,534	460,594.8	459,340.24	1254
ഇ.എഫ്.എം.എസ്	-	21,606,514	21,606,514	21,606,514	-
	96060	21,971,048	22,067,108.8	22,065,854.24	1254

1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	14760	13
കർഷകതൊഴിലാളിപെൻഷൻ	6,681,900	4318
വിധവാപെൻഷൻ	14,047,400	8963
വാർദ്ധക്യകാലപെൻഷൻ	40,402,300	27336
വികലാംഗപെൻഷൻ	4,473,300	2900
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	922,000	601
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	150,000	5

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2022 തീയതിയിൽ 3.30 പി എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18201/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	05.10.2022	12/2021മുതൽ 03/2022വരെ	-----
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.12.2019	2014-15 മുതൽ 2018-19 വരെ	LBA(HQ)-11/11/8A/110/2019/20 DT 03.01.2020

1-11 സ്കൂൾ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടില്ല

2021-22 വർഷത്തെ സ്കൂൾ ഫിറ്റ്നസ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കോയിക്കൽ എബ്രഹാം മെമ്മോറിയൽ യു.പി.സ്കൂൾ, കാരിക്കോട് എന്ന സ്കൂൾ കെട്ടിടത്തിന് മൂന്ന് മാസത്തിനുള്ളിൽ കെട്ടിട നമ്പർ ലഭിയ്ക്കുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിയ്ക്കണമെന്ന വ്യവസ്ഥയിൽ അസിസ്റ്റന്റ് എൻജിനീയർ 16.10.2021 ൽ 2021-22 വർഷത്തെ ഫിറ്റ്നസ് സാക്ഷ്യപത്രം നൽകിയിട്ടുള്ളതായി കാണുന്നു. മുളക്കുളം ഗ്രാമപഞ്ചായത്തിൽ ടി സ്കൂൾകെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതായി അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.16/13.12.2022 ന് മറുപടി ലഭ്യമാക്കിയതിൽ ടി സ്കൂൾ കെട്ടിടം കെ.പി.ബി.ആർ.2019 ചട്ടം അനുസരിച്ചല്ല നിർമ്മിച്ചത് എന്നതിനാൽ WP(C)No.19482/22 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിച്ചു.
കേസിന്റെ തുടർ നടപടി രേഖകൾ സഹിതം അറിയിയ്ക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി-ചുമത്തിയതിലും ഈടാക്കിയതിലും അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നികുതി ചുമത്തിയതിലും ഈടാക്കിയതിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. രജിസ്റ്റർ പരിശോധിച്ചിതിൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും 2021-22 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂൾ, പെരുവ
2) സരസ്വതി വിദ്യാമന്ദിർ, കാരിക്കോട്
3) ഐശ്വര്യ പാഡി പ്രോസസിംഗ്, ഡി ഡബ്ലിയു.ആർ.സി.യൂണീറ്റ്, മുളക്കുളം
4) വെൽഫയർ അഗ്രിക്കൾച്ചറൽ സൊസൈറ്റി, മുളക്കുളം സൗത്ത്
5) ബ്രൈറ്റ് പട്ടികജാതി വനിതാ വ്യവസായ കോഓപ്പറേറ്റീവ് സൊസൈറ്റി മുളക്കുളം, പെരുവ
6) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പെരുവ

II) 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം-3 പ്രകാരം അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 21-22 സാമ്പത്തികവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	ജീവനക്കാരന്റെ പേര്	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട നികുതി	ഈടാക്കിയ നികുതി	ഈടാക്കി യതിൽ കുറവ്
ഡി.ബി.കോളേജ് , കീഴൂർ	കെ.ടി.ശശികല, സ്വീപ്പർ	46250	450	300	150
മുത്തൂറ്റ് ഫിൻ കോർപ്പ്	മിഥുല മനോഹർ	102000	1000	750	250

സ്ഥാപനങ്ങൾ ഏതെല്ലാം എന്നും ഇനി അടവാക്കുവാൻ അവശേഷിയ്ക്കുന്നവ ഏതൊക്കെയെന്നുമുള്ള കൃത്യമായ വിവരം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലഭിയ്ക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്. III) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല. ഡിമാന്റ് നോട്ടീസ് നൽകിയ സ്ഥാപനങ്ങൾ, തൊഴിൽ നികുതി അടച്ച ഓഡിറ്റ് എൻക്വയറി നം.14/13.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 മാർക്കറ്റ് വരവ്--കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിൽ മാർക്കറ്റ് വരവ് കുടിശ്ശിക 4,,04,606/- രൂപ ഉള്ളതായി പരിശോധയിൽ കാണുന്നു. വിശദാംശം ലഭ്യമാക്കിയതിൽ 2012-13 വർഷം കുടിശ്ശികയായി ഉണ്ടായിരുന്ന 1,66,664/- രൂപ ഈടാക്കുന്നതിന് കേസ് നിലവിൽ ഉണ്ടായിരുന്നു എന്നും കക്ഷിയ്ക്ക് അനുകൂലമായി വിധി ഉണ്ടായി എന്നും അറിയിച്ചു. ആയതിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ച് ടി കുടിശ്ശിക പഞ്ചായത്തിന്റെ കണക്കുകളിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത കുടിശ്ശിക കുറവ് ചെയ്താലും 2,37,942/- രൂപ കുടിശ്ശികയായി അവശേഷിയ്ക്കുന്നുണ്ട്. ടി തുക ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1-14 തനതുവരവ് ക്രഡിറ്റ് ചെയ്യുന്നതിനുള്ള പലിശരഹിത അക്കൗണ്ടിൽ (ഇ-പേമെന്റ് അക്കൗണ്ട്) 70 ലക്ഷത്തിലധികം രൂപ നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ എസ്ബിഐ പെരുവ ശാഖയിലെ ഇ-പേമെന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം-67397392598) 30-11-2022 തീയതിയിൽ 70,03,467/-രൂപ നീക്കിയിരിപ്പുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് 2932992 രൂപയായിരുന്നു. പ്രസ്തുത അക്കൗണ്ട് പലിശരഹിത അക്കൗണ്ട് ആയതിനാൽ വലിയ തുക അക്കൗണ്ടിൽ നിലനിർത്തിപ്പോരുന്നത് മൂലം പഞ്ചായത്തിന് പലിശയിനത്തിൽ വരുമാനനഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന തുക സ്ഥിരനിക്ഷേപമാക്കുകയോ അഥവാ പഞ്ചായത്തിന്റെ തനതുഫണ്ട് നിക്ഷേപിക്കുന്ന എസ് ബി അക്കൗണ്ടിലേക്കോ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കോ മാറ്റി നിക്ഷേപിക്കുകയോ ചെയ്യേണ്ടതും വരുമാനനഷ്ടം ഒഴിവാക്കേണ്ടതുമാണ്. ആയതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിററി തീരുമാനമെടുക്കണമെന്നും അഭിപ്രായപ്പെടുന്നു. തുടർനടപടികൾക്കായി വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-15 പൊതു ശ്മശാനം ആധുനികവൽക്കരണം - നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ	124/22
അടങ്കൽ	2000000 CFC + 1000000 ബ്ലോക്ക് വിഹിതം + 4000000 (ജി. പ. വിഹിതം) ആകെ 7000000/-
ചെലവ് , ഫണ്ടിനം	655083/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ , തീയതി	418/30.3.22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ബ്ളോക്ക് നമ്പർ 22 ൽ റീ സർവ്വേ നമ്പർ 717/3 ൽ പെട്ട 11.51 ആർ സ്ഥലം വർഷങ്ങളായി പൊതുശ്മശാനമായി ഉപയോഗിച്ച് വരികയാണ്. പ്രസ്തുത പൊതുശ്മശാനത്തിന്റെ ആധുനികവൽക്കരണം നടത്തി ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡിനെ ചുമതലപ്പെടുത്തുകയും 12.5.21 ലെ 3(1) , 27.8.21 ലെ 57(1) ലെ കമ്മറ്റി തീരുമാനങ്ങൾ പ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തു. വികസനഫണ്ട് വിഹിതമായി 20 ലക്ഷം രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 1 0 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 40ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപയായിരുന്നു അടങ്കൽ കണക്കാക്കിയിരുന്നത്. DCKTM/226/2022-1-H1 DT 11.3.22 ഉത്തരവ് പ്രകാരം ജില്ലാകളക്ടർ ശ്മശാനത്തിന് നിർമ്മാണാനുമതി നൽകി. DSR 2018 പ്രകാരം കോസ്റ്റ്ഫോർഡ് ചുവടെ ചേർക്കും പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകുകയുണ്ടായി.

പാർട്ട് 1	സിവിൽ , ഇലക്ട്രിക് , പ്ളംബിംങ്ങ് (12% GST ഉൾപ്പെടെ)	49,65,620/-	NON PMC
പാർട്ട് 2	ഗ്യാസ് ഫർണ്ണസ് , അനുബന്ധ ഉപകരണങ്ങൾ	36,57,709/-	PMC
	ആകെ	86,23,329/-	

18.3.22 ലെ 1(1) തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. 26.3.22 ൽ കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെടുകയും ചെയ്തു (നമ്പർ 055/21-22). കരാർ പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 20% മുൻകൂർ നൽകേണ്ടിയിരുന്നു. ബ്ളോക്ക് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭിക്കാത്തതിനാൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 655083/- രൂപ മാത്രം സ്ഥാപനത്തിന് തൻവർഷം നൽകി.

പ്രോജക്ടിന്റെ നിലവിലെ അവസ്ഥയും ബ്ളോക്ക് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭിച്ചതിന്റെ വിശദാംശങ്ങളും അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 1/08.12.22) നൽകുകയുണ്ടായി. 2022-23 വർഷത്തിൽ സ്പിൽ ഓവറായി പ്രോജക്ട് തുടരുകയാണെന്നും ജില്ലാ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ തൻവർഷം ലഭിക്കുമെന്നാണ് മറുപടി നൽകിയത്. 15.12.22 ന് ശ്മശാനത്തിൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് തറ പൂർത്തിയാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്. ജി.ഒ (പി) നം 67/2021/ ഫിൻ തീയതി 28.4.21 പ്രകാരം നോൺ പി.എം.സി യായി നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം ചെക്ക് മെഷർ ചെയ്യണമെന്നുണ്ട്. അതിനാൽ നിർമ്മാണപ്രവർത്തനങ്ങളുടെ മെഷർമെന്റുകളിൽ ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടം ഉണ്ടാവേണ്ടതുണ്ട്. ശ്മശാനത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്.

1-16 ഭിന്നശേഷി സൗഹൃദപാർക്ക് നിർമ്മാണം- പാർക്ക് നിർമ്മിച്ചിട്ടില്ല.

പ്രോജക്ട്	181/22 ഭിന്നശേഷി സൗഹൃദപാർക്ക് നിർമ്മാണം

അടങ്കൽ	407190 (വികസനഫണ്ട്-ജനറൽ)
ചെലവ്	395180/-
ബിൽനം	53/31-3-22
കരാറുകാരൻ	

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 10-ാം വാർഡിൽ ചിറപ്പുറം കുളം നീന്തൽപരിശീലനത്തിനായി തയ്യാറാക്കി അതിനുസമീപമുള്ള പഞ്ചായത്ത് വക സ്ഥലത്ത് ഭിന്നശേഷി കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനുവേണ്ടി ഭിന്നശേഷി സൗഹൃദപാർക്ക് നിർമ്മിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്ട്. പാർക്ക് തയ്യാറാക്കാനുദ്ദേശിക്കുന്ന സ്ഥലം താണസ്ഥലമായതിനാൽ അവിടം റോഡ് ലവലിൽ മണ്ണിട്ടുയർത്തുന്നതിനും, പ്രാഥമികാവശ്യങ്ങൾക്കായി ടോയ് ലറ്റ് നിർമ്മിക്കുന്നതിനുമുള്ള ഇനങ്ങൾ മാത്രമാണ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിയ വകയിൽ 395180/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. സ്ഥലപരിശോധനയിൽ തുടർപ്രവർത്തനങ്ങളൊന്നും ഇല്ലാതെ കുളവും പാർക്കിനുള്ള സ്ഥലവും മറ്റും പുല്ല് വളർന്നു കിടക്കുന്നതായി കാണുന്നു. 2022-23വർഷം ഇതിനായി പ്രോജക്ട് ആവിഷ്കച്ചിട്ടുമില്ല. തുടർ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് ഭിന്നശേഷി സൗഹൃദപാർക്ക് എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഒരേലക്ഷ്യത്തിനായി നിരവധി പ്രോജക്ടുകൾ -ആസൂത്രണത്തിലെ പോരായ്മ.

പ്ലാസ്റ്റിക് നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയർ കളക്ഷൻ സെന്ററുകളുടെ നിർമ്മാണത്തിനും അനുബന്ധചെലവുകൾക്കുമായി ഗ്രാമപഞ്ചായത്ത് 21-22വാർഷികപദ്ധതിയിൽ ധനകാര്യക്കമ്മീഷൻ ഗ്രാന്റ്,കേന്ദ്രാവിഷ്കൃതഫണ്ട് എന്നിവ വകയിരുത്തി വിവിധ പ്രോജക്ടുകൾപ്രകാരം ആകെ 22,16,491/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പ്രോജക്ട്	അടങ്കൽ	ചെലവ്
1	187/22 എം.സി.എഫ് സെന്റർ-2 നിർമ്മാണം	600000	563488
2	213/22 എം.സി.എഫ് സെന്റർ -2 നിർമ്മാണം അധികതുക വകയിരുത്തൽ	498000	496305
3	159/22 എം.സി.എഫ് സെന്റർ എക്സ്റ്റൻഷൻ	620000	605155
4	211/22എം.സി.എഫ്-1 നിർമ്മാണംപൂർത്തീകരണം	250000	239831
5	161/22 എം.സി.എഫിന് ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം	329995	311712
	ആകെ		22,16,491/-

7ാം വാർഡിലെ പെരുവ ജംഗ്ഷനിൽ മാർക്കറ്റിനകത്താണ് മേൽ പ്രോജക്ടുകൾ പ്രകാരം എംസിഎഫുകൾ നിർമ്മിച്ചിട്ടുള്ളത്. മാർക്കറ്റിൽ നിലവിലുണ്ടായിരുന്ന കളക്ഷൻ സെന്ററിൽ സൗകര്യം കുറവായതിനാൽ അത് പരിഹരിക്കുന്നതിനായി അതിന് എക്സ്റ്റൻഷൻ നടത്തി കൂടുതൽ സ്ഥലം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ക്രമനം 3 പ്രകാരമുള്ള പ്രോജക്ട് ആവിഷ്ക്കരിച്ചത്. പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി ക്രമനം 4 പ്രോജക്ടും അതേ എം.സി.എഫിൽ ടോയ് ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടി ക്രമനം 5 പ്രകാരമുള്ള പ്രോജക്ടും ആവിഷ്ക്കരിച്ചു. ഇപ്രകാരം നിർമ്മിച്ച കളക്ഷൻ സെന്ററിൽ പ്ലാസ്റ്റിക് ശേഖരിച്ച് വയ്ക്കുന്നതിന് സ്ഥലം തികയാത്തതിനാലാണ് ക്രമനം 1, 2 എന്നിവ പ്രകാരം രണ്ടാമത്തെ എം.സി.എഫ്. കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

സ്ഥലപരിശോധനയിൽ ഈ രണ്ടിടങ്ങളും നിറഞ്ഞതിനുശേഷം കെട്ടിടത്തിനുവെളിയിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണാനിടയായി. ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പരമാവധി സ്ഥലം പ്രയോജനപ്പെടുത്തി വലിയ കെട്ടിടം നിർമ്മിക്കത്തക്കതരത്തിൽ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് ആവിഷ്ക്കരിക്കാതിരുന്നതും ,നിശ്ചിതലക്ഷ്യത്തിന് പര്യാപ്തമാകാത്ത തരത്തിൽ പ്ലിന്ത് ഏരിയ കുറഞ്ഞ അളവിൽ ചെറിയ കെട്ടിടങ്ങൾ നിർമ്മിച്ചതും പദ്ധതി

ആസൂത്രണത്തിലെ പിഴവായി കാണുന്നു. ഇപ്രകാരമുള്ള നടപടികൾ മൂലം പ്രോജക്ട് രൂപീകരണ/ നിർവ്വഹണഘട്ടങ്ങളിൽ അധിക മനുഷ്യപ്രയത്നവും അധികച്ചെലവും ആവശ്യമായി വരുന്നതുകൂടാതെ പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിയെയും പ്രതികൂലമായി ബാധിക്കുന്നു. 2022-23 വർഷത്തിൽ വീണ്ടും ഇതേ കെട്ടിടങ്ങളുടെ പൂർത്തീകരണം എന്ന രീതിയിൽ സ്പിൽ ഓവർ പ്രോജക്ട് ആവിഷ്കരിച്ചിട്ടുമുണ്ട്.

പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

1-18 പെരുവ പി.എച്ച്.സി റീ വയറിംഗ് - നികുതി വിഭവങ്ങൾ കുറവ് ചെയ്തില്ല.

പ്രോജക്ട് നമ്പർ	147/22
ചെലവ് , ഫണ്ടിനം	476895/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ , തീയതി	28/ 31.3.22
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
കരാറുകാരൻ	രാധാകൃഷ്ണൻ എം.കെ, മാവേലി പുത്തൻപുരയിൽ
അടങ്കൽ	500000/-

DLTCE മുഖാന്തിരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ പ്രോജക്ടിന് 4.1 % ടെണ്ടർ കുറവ് ക്വോട്ട് ചെയ്തയാൾക്കാണ് കരാർ ഉറപ്പിച്ച് നൽകിയത്. ചുവടെ ചേർക്കും പ്രകാരം കരാറുകാരന് തുക നൽകിയിട്ടുണ്ട്.

	അനുവദിച്ച തുക	അർഹമായ തുക
ആകെ വേലമൂല്യം	428037 .07/-	428037.07
(-) 4.1 % ടെണ്ടർ കുറവ്	17549.52/-	17549.52
ആകെ	410487.55/-	410487.55
(+) 12% GST	49258.506	
ആകെ കോൺട്രാക്ടർക്ക്	459746.056	
എസ്റ്റിമേറ്റ് തയ്യാറാക്കലിന്	12862/-	
ചെക്ക് മെഷർ ചെയ്തതിന്	4287/-	
ആകെ	476895/-	

12% ജി.എസ്.റ്റി കോംബൻസേഷൻ ഉൾപ്പെടെ ആകെ കോൺട്രാക്ടർക്ക് നൽകിയ 410487.55/-(GST വിഹിതം കിഴിച്ച്) രൂപയിൽ നിന്നും നിയമപ്രകാരം പിടിക്കേണ്ട 1% IT ,1% CGST , 1%SGST എന്നിവ കുറവ് ചെയ്തിട്ടില്ല. അതിനാൽ ആകെ 12315/- രൂപ (4105 + 4105 + 4105) കോൺട്രാക്ടർക്ക് അധികമായി നൽകിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/14.12.2022) തുക ഈടാക്കുമെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-19 അങ്കണവവാടികൾക്ക് ഏകീകൃത നെയിംബോർഡ് - അപാകതകൾ.

പ്രോജക്ട് നമ്പർ	165/22
ചെലവ് , ഫണ്ടിനം	51000/- കേന്ദ്രവിഹിതം

	27000/- റോഡിതര സംരക്ഷണഗ്രാന്റ്
ബിൽ നമ്പർ , തീയതി	14/ 25.3.22 - 27000/- ചെക്ക് നമ്പർ 2484767/ 21.2.22 തുക 51000/-
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

വനിതാ ശിശുവികസന വകുപ്പിന്റെ 28.1.21 ലെ ICDS/B5- 16067/19 നമ്പർ ഉത്തരവിൽ സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾക്ക് വകുപ്പിൽ നിന്നുള്ള പരമാവധി വിഹിതമായ 3000/- രൂപ ചെലവഴിച്ച് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിന് 3000/- രൂപ വീതം അലോട്ട്മെന്റ് അനുവദിക്കുകയും ചെയ്തു. 3000/- രൂപയിൽ അധികമായി വരുന്ന തുക തദ്ദേശസ്ഥാപനം കണ്ടെത്തണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചാവണം നിർവ്വഹണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ ക്ഷണിക്കാതെ ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നാണ് നെയിംബോർഡുകൾ വാങ്ങി സ്ഥാപിച്ചിരിക്കുന്നത്. ആയത് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. 3000/- രൂപ നിരക്കിൽ 26 അംഗനവാടികളിലും നെയിംബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

2) മുളക്കുളം ഗ്രാമപഞ്ചായത്തിൽ ആകെ 26 അംഗനവാടികളുണ്ട്. അതിൽ 4 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത അങ്കണവാടികൾക്കും നെയിംബോർഡ് വാങ്ങി നൽകിയിട്ടുണ്ട്. അത് വനിതാ ശിശുവികസന വകുപ്പിന്റെ മേൽ ഉത്തരവിന് വിരുദ്ധമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/12.12.22) നൽകുകയുണ്ടായി. സർക്കാർ അംഗീകൃത ഏജൻസിയായതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതെന്നാണ് ലഭിച്ച മറുപടി. പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗനവാടികൾക്ക് ഏകീകൃത രൂപം വരാനാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്കും നെയിംബോർഡ് വാങ്ങി നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. സർക്കാർ ഉത്തരവുകൾക്കനുസൃതമായി തുടർവർഷങ്ങളിൽ പ്രോജക്ട് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ആംബുലൻസ് വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമായില്ല.

പ്രോജക്ട് നമ്പർ	184/22
ചെലവ് , ഫണ്ടിനം	37303/- , തനത് ഫണ്ട് 1150000/- ജില്ലാ പഞ്ചായത്ത് വിഹിതം
ബിൽ നമ്പർ , തീയതി	46/11.2.22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

പെരുവ പി.എച്ച്.സി യുമായി ബന്ധപ്പെട്ട പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ആംബുലൻസ് വാങ്ങി പെരുവ പി.എച്ച്.സി ക്ക് കൈമാറുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 11,62,481 /- രൂപ ചെലവഴിച്ച് GEM ൽ നിന്നും Force Motors Ltd എന്ന സ്ഥാപനത്തിൽ നിന്നാണ് ആംബുലൻസ് വാങ്ങിയത്. ആംബുലൻസിന്റെ കസ്റ്റോഡിയൻ ആരാണെന്നത് സംബന്ധിച്ചും ആയതിന്റെ തുടർപരിപാലനം, സംരക്ഷണം , മെയിന്റനൻസ് , ലോഗ് ബുക്ക് സൂക്ഷിക്കൽ , ഡ്രൈവർക്ക് ശമ്പളം നൽകൽ എന്നിവ സംബന്ധിച്ചും ആംബുലൻസ് കൈപ്പറ്റിയ പെരുവ പി.എച്ച്.സി യുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 4/08.12.22) നൽകുകയുണ്ടായി. കരാറിലേർപ്പെട്ട ശേഷം വിവരമറിയിക്കാമെന്നാണ് ലഭിച്ച മറുപടി. അപാകത പരിഹരിച്ച ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-21 പൊതു ടാപ്പുകൾ കുറവു ചെയ്തിട്ടുണ്ടെങ്കിലും വെള്ളക്കരം ക്രമീകരിച്ചിട്ടില്ല.

പഞ്ചായത്ത് പ്രതിമാസം വെള്ളക്കരമിനത്തിൽ 81,317/-രൂപ വീതം (177 ടാപ്പുകൾ) അടവാക്കുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കി വെള്ളക്കരം ക്രമീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനും തുടർനടപടികൾ

സ്വീകരിക്കുന്നതിനും വിവിധ തീയതികളിൽ ചേർന്ന കമ്മറ്റിയിൽ തീരുമാനം എടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	യോഗതീയതി	തീരുമാനം
1	18.02.21 ലെ 66(1)	വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം പരാമവധി കുറച്ച് വെള്ളക്കരം കുറയ്ക്കുന്നതിന് ആശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
2	25.06.21 ലെ 23(2)	
3	20.02.21 ലെ 31(4)	കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ 06.03.21 ലെ ഡി 1 1481/19 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയുമായി ചർച്ചചെയ്ത് അധികമായി കുടിവെള്ള ചാർജ് ഈടാക്കുന്ന ടാപ്പുകളും നിലവിൽ കുടിവെള്ളം ലഭിക്കാത്ത ടാപ്പുകളും ഉണ്ടെങ്കിൽ അവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.
4	15.01.22 ലെ 43(2)	വാട്ടർ അതോറിറ്റി എ ഇ / എ.എക്സ്.ഇ കടുത്തുരുത്തി, എക്സിക്യൂട്ടിവ് എഞ്ചിനീയർ, കോട്ടയം എന്നിവരോട് പഞ്ചായത്തിലെ താഴെ പറയുന്ന വാർഡുകളിൽ ഉള്ള പൊതു വാട്ടർ ടാപ്പുകൾ ഒഴികെയുള്ള എല്ലാം ജനുവരി 2022 മുതൽ നിർത്തലാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ച് അറിയിക്കുവാൻ തീരുമാനിച്ചിരുന്നു. നിലനിർത്തേണ്ട ടാപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു. വാർഡ് 1 -മുളക്കുളം ജംഗഷൻ, ചങ്ങലപ്പലം ജംഗഷൻ , വടുകുന്നപ്പുഴ ജംഗഷൻ, ഷാപ്പ് പടി ജംഗഷൻ, വാർഡ് 4-അവർമ ജംഗഷൻ, വാർഡ്12-

		ആപ്പാഞ്ചിറ പോസ്റ്റ്ഓഫീസിന് സമീപം, വാർഡ്15-സെൻട്രൽ ബാങ്കിന് സമീപം, വാർഡ്16-ജാതിക്കമല ഗ്യാസ് പ്ലാന്റിന് മുൻവശം, വാർഡ്17-എണ്ണയ്ക്കാപ്പള്ളി പുതിയപള്ളിക്ക് സമീപം
5	14.02.22 ലെ 68(1)	പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ (175) ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി കടുതുരുത്തി പി എച്ച് ഡി വിഷനിലെ എക്സികൂട്ടിവ് എഞ്ചിനീയറുടെ 10.02.22 ലെ ഡിബി 2-702/2014 Vol .IV നമ്പർ എസ്റ്റിമേറ്റ് പ്രകാരം 213,000/- രൂപ തനത് ഫണ്ടിൽ നിന്നും (22101262/22.02.22 നം. വൗച്ചർ പ്രകാരം (ചെക്ക് 2484764/21.02.22) വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിന് തീരുമാനിച്ചു.

മേൽ പരാമർശിച്ച കമ്മറ്റി തീരുമാനങ്ങൾ പ്രകാരം പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കുറച്ച് വെള്ളക്കരം ക്രമീകരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം- 23/14.12.22) ലഭിച്ച മറുപടിയിൽ 17 വാർഡുകളിലും സംയുക്തപരിശോധന പൂർത്തികരിച്ച് 9 ടാപ്പുകൾ നിലനിർത്തി ബാക്കിയുള്ളവ ഒഴിവാക്കിയിട്ടുണ്ടന്നും പൊതുടാപ്പുകളുടെ തുക കുറവ് ചെയ്ത് കൃത്യമായ ഡിമാന്റ് ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് പലതവണ കത്ത് നൽകിയിട്ടും നാളിതുവരെ വെള്ളക്കരം ക്രമീകരിച്ച് കൃത്യമായ ഡിമാന്റ് നൽകിയിട്ടില്ലെന്നും അറിയിച്ചു. വെള്ളക്കരം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

1-22 കോവിഡ് സ്പെഷ്യൽ പ്രോജക്ട് - ലോഗ് ബുക്ക് ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ	126/22
ചെലവ് , ഫണ്ടിനം	249996/- വികസനഫണ്ട് (ജനറൽ)
ബിൽ നമ്പർ , തീയതി	8/3.8.21 19/15.9.21 13/11.10.21
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ

കോവിഡുമായി ബന്ധപ്പെട്ട് രോഗികളെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകുന്നതിനും വാക്സിൻ വിതരണത്തിനും അതുമായി ബന്ധപ്പെട്ട വിവിധ ഇനങ്ങൾക്കുമാണ് മേൽ പ്രോജക്ടിൽ നിന്നും ചെലവുണ്ടായിരിക്കുന്നത്. അതിൽ വിവിധ ആവശ്യങ്ങൾക്കായി KL 36 E 9011 എന്ന വാഹനം ഓടിയതിന് മേൽ സൂചിത ബില്ലുകൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

9.6.21 മുതൽ 15.7.21 വരെ	32589/-

ഇന്ധനച്ചെലവ്	
2.9.21 മുതൽ 20.9.21 വരെ ഇന്ധനച്ചെലവ്	21576/-
22.7.21 മുതൽ 29.8.21 വരെ ഇന്ധനച്ചെലവ്	31986/-
ആകെ	86151/-

വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 20/14.12.22) നൽകുകയുണ്ടായി. ലോഗ്ബുക്ക് പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ടെന്നാണ് ലഭിച്ച മറുപടി. ആയത് പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ 86151/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 പമ്പ് സെറ്റ് വാങ്ങൽ - കരാറിലേർപ്പെട്ടില്ല.

പ്രോജക്ട് നമ്പർ	178/22
ചെലവ് , ഫണ്ടിനം	273700/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ , തീയതി	47/31.3.22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഗുണഭോക്തൃ സമിതികളുടെ കീഴിലുള്ള ചെല്ലാനിരപ്പ് , കൂട്ടാനിക്കൽ , പ്ളാപ്പിള്ളി , കാട്ടാമ്പിള്ളി കുടിവെള്ള പദ്ധതികളുടെ പമ്പ് സെറ്റുകൾ ഉപയോഗ ശൂന്യമായതിനാൽ പുതിയത് വാങ്ങുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ സമിതിയുടെ 18.12.21 ലെ യോഗത്തിന്റെ 4.87 ഖണ്ഡിക നമ്പർ പ്രകാരവും ജി.ഒ (എം.എസ്) 64/22/ത.സ്വ.ഭ.വ തീയതി 10.1.22 പ്രകാരവും പ്രോജക്ടിന് നിർവ്വഹണാനുമതി ലഭിച്ചു. കുറഞ്ഞ ടെണ്ടർ കോട്ട് ചെയ്ത ജനറൽ ഏജൻസീസ് കടുത്തുരുത്തി എന്ന സ്ഥാപനത്തിൽ നിന്നാണ് പമ്പ് സെറ്റുകൾ വാങ്ങിയത്.

യന്ത്രങ്ങളുടെ നിയന്ത്രണം , മേൽനോട്ടം , നടത്തിപ്പ് എന്നിവയ്ക്കായി സമിതി രൂപീകരിച്ചതിന്റെയും ഉപകരണങ്ങളുടെ സംരക്ഷണം , പരിപാലനം എന്നിവ സംബന്ധിച്ച് ഗുണഭോക്തൃസമിതികളുമായി കരാറിലേർപ്പെട്ടതിന്റെയും വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2/08.12.22) നൽകുകയുണ്ടായി. പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്ത ശേഷം ഗുണഭോക്തൃ സമിതികളുമായി കരാറിലേർപ്പെടുമെന്നാണ് ലഭിച്ച മറുപടി. അപാകത പരിഹരിച്ച ശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-24 പാലിയേറ്റീവ് ഉപകരണങ്ങൾ - പൂർണ്ണമായി ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകളിലായി പാലിയേറ്റീവ് കെയറിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ കേരള മെഡിക്കൽ സെർവ്വീസ് കോർപറേഷന് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

പ്രോജക്ട് നമ്പർ	253/22
ചെലവ് , ഫണ്ടിനം	85983/- റോഡിതര സംരക്ഷണ ഗ്രാന്റ്
ബിൽ നമ്പർ , തീയതി	21/ 17.3.22

പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണീറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങലിനായി കേരള മെഡിക്കൽ സെർവ്വീസ് കോർപറേഷന് പ്രോജക്ട് നമ്പർ 253/22 പ്രകാരം 49995/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മൂന്ന് ഇൻവോയ്സുകൾ പ്രകാരം 38479/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായത്. 11516 രൂപയുടെ ഉപകരണങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്നു.

2)

പ്രോജക്ട് നമ്പർ	6/22
ചെലവ് , ഫണ്ടിനം	600000/- വികസനഫണ്ട് (ജനറൽ)

ബിൽ നമ്പർ , തീയതി	19/ 2.2.22

പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് 198952/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ വിവിധ ഇൻവോയ്സുകൾ പ്രകാരം 167198/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായത്. 31754/- രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 09/12.12.22) നൽകുകയുണ്ടായി.

ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ലെന്നാണ് മറുപടി ലഭിച്ചത്. അതിനാൽ രണ്ട് പ്രോജക്ടുകളിലുമായി ആകെ ഉപകരണങ്ങൾ ലഭിക്കാനുള്ള 43270/- (31754 + 11516) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമായില്ല.

എസ്.എസ്.എ വിഹിതം നൽകുന്നതിനായി ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം ചുവടെ ചേർക്കും പ്രകാരം 2 പ്രോജക്ടുകൾ നടപ്പാക്കി.

1)

പ്രോജക്ട് നമ്പർ	80/22
ചെലവ് , ഫണ്ടിനം	500000/- വികസനഫണ്ട് (എസ്.സി.പി)
ബിൽ നമ്പർ , തീയതി	1/22.7.21

2)

പ്രോജക്ട് നമ്പർ	79/22
ചെലവ് , ഫണ്ടിനം	150000/- വികസനഫണ്ട് (ജനറൽ)
ബിൽ നമ്പർ , തീയതി	3/9.2.22

.മേൽ സൂചിപ്പിച്ച ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.അതിനാൽ 650000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-26 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 1/22 പ്രകാരം വികസനഫണ്ടിൽ (ജനറൽ) നിന്നും ബിൽ നമ്പർ 8/19.7.20 പ്രകാരം 80000/- രൂപ ഐ.കെ.എം വിഹിതമായി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

1-27 കോവിഡ് ചെലവുകൾ - അവലോകനം

കോവിഡ് രോഗ വ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് രോഗികൾക്ക് ചികിൽസയും പരിചരണവും ലഭ്യമാക്കുന്നതിനായും മുളക്കുളം ഗ്രാമ പഞ്ചായത്തിൽ ഗവ.ഐ.ടി.ഐ യിൽ ഒരു കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിച്ചിരുന്നു. സെന്ററിലേക്ക് കൊവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങൽ, സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണ ചെലവ്, ക്ലീനിംഗ് ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്.

ഓഡിറ്റ് കാലയളവ് വരെ സി.സി.സി, സി.എഫ്.എൽ.ടി.സി എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും, പ്രോജക്ട് പ്രകാരവും ചെലവഴിച്ച തുകയുടെയും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുകയുടെയും സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു..

വർഷം	ചെലവഴിച്ച തുക	ഡി.ഡി.എം.എ യിൽ നിന്ന് തിരികെ ലഭിച്ച തുക

20-21	38,19,181/-	17,86,262/-
21-22	29,98,238/-	37,43,382/-

ഡി.ഡി.എം.എ യിൽ നിന്ന് ബാലൻസ് ലഭിക്കാനുള്ള 12,87,775/- രൂപ തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 ടേക്ക് എ ബ്രേക്ക് - ടോയ്ലറ്റ് കോംപ്ലക്സുകൾ ജലലഭ്യത ഉറപ്പാക്കി പ്രവർത്തനയോഗ്യമാക്കിയിട്ടില്ല

1)പ്രോജക്ട്	അടങ്കൽ	ചെലവ്
162//22 അറുന്നൂറ്റിമംഗലം ജംഗ്ഷനിൽ പൊതുടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം	210000 കേന്ദ്രാവിഷ്കൃതഫണ്ട്) 490000 (_സി.എഫ്.സി ടൈഡ് ഗ്രാന്റ്) 700000	81089 490000 (ബിൽനം-48/30-3-22) **571089**
163/22 കീഴൂർ കാഞ്ഞിരവളവ് ജംഗഷനുസമീപം പൊതുടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം	210000 കേന്ദ്രാവിഷ്കൃതഫണ്ട്) 490000 (_സി.എഫ്.സി ടൈഡ് ഗ്രാന്റ്) 700000	107528 ബിൽ47/30-3-22) 490000(**597528**

മുഖ്യമന്ത്രിയുടെ പന്ത്രണ്ടിനകർമ്മ പരിപാടിയിലുൾപ്പെട്ട ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി 9--ാം വാർഡിൽ അറുന്നൂറ്റിമംഗലം ജംഗ്ഷനിലും 14-ാം വാർഡിൽ കീഴൂർ കാഞ്ഞിരവളവ് ജംഗ്ഷനുസമീപത്തും Pwd റോഡ് സൈഡിലായി റവന്യൂ പുറംമ്പോക്ക് സ്ഥലത്ത് പൊതു ശൗചാലയ യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽപ്രോജക്ടുകൾ. പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണ/സാങ്കേതികാനുമതികളും ഡിപിസിയുടെ അംഗീകാരവും ലഭിച്ചിരുന്നു. എന്നാൽ നിലവിൽ പദ്ധതിക്കായി അനുമതി ലഭ്യമായ സ്ഥലത്ത് നിർവ്വഹണം ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുളക്കുളം വില്ലേജിൽ വൈക്കം-തൊടുപുഴ പി.ഡബ്ലിയു. ഡി റോഡിൽ കീഴൂർ കോയിക്കവളവ് ഭാഗത്തും കടുത്തുരുത്തി -പിറവം റോഡിൽ ആലുംചുവട് ഭാഗത്തും പദ്ധതി നടപ്പാക്കുന്നതിന് സ്ഥലം പുനർനിർണ്ണയിച്ച് തീരുമാനിക്കുകയും പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് പി.ഡബ്ലിയു.ഡി-യുടെ അനുമതി ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തിരുന്നു (പഞ്ചായത്ത് കമ്മിറ്റിയുടെ 3-8-21-ലെ അജണ്ട-21, തീരുമാനം -1) . പ്രസ്തുത സ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് പി.ഡബ്ലിയു. ഡി - നൽകിയ നിരാക്ഷേപസാക്ഷ്യപത്രത്തിൽ നിർമ്മാണം തുടങ്ങുന്നതിനുമുൻപ് അസി.എക്സിക്യൂട്ടീവ് എൻജിനീയർ,നിരത്ത് ഉപവിഭാഗം, വൈക്കവുമായി കരാറുടമ്പടിയിൽ ഏർപ്പെടണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും കരാറിലേർപ്പെട്ടതായി കാണുന്നില്ല.

സ്ഥലം പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ ഇലക്ട്രിഫിക്കേഷനും പ്ലംബിംഗും ഉൾപ്പെടെ പ്രവൃത്തി ഇനങ്ങൾ തൃപ്തികരമായ രീതിയിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും രണ്ട് സ്ഥലങ്ങളിലും വെള്ളം കിട്ടുന്നതിനുള്ള സംവിധാനങ്ങളും പ്രവർത്തനങ്ങളും പൂർത്തീകരിച്ച് ജലലഭ്യത ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ ടോയ് ലറ്റ് കോംപ്ലക്സുകൾ നിലവിൽ പ്രവർത്തനയോഗ്യമായിട്ടില്ല എന്ന് കാണുന്നു. .14-ാം വാർഡിലെ ടോയ് ലറ്റ് കോംപ്ലക്സിൽ ഇലക്ട്രിക് കണക്ഷനും ലഭ്യമായിട്ടില്ല.

ജലലഭ്യതയ്ക്കുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വാട്ടർകണക്ഷൻ ലഭ്യമാക്കി ടോയ് ലറ്റ് കോംപ്ലക്സുകൾ ഉപയോഗയോഗ്യമാക്കുന്നതിനും തുടർപ്രോജക്ടുകൾ ആവിഷ്ക്കരിച്ച് വഴിയോര വിശ്രമകേന്ദ്രം കൂടി സജ്ജമാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ക്ലോസ് ചെയ്ത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്യപ്പെട്ട 82,928/- രൂപ ഓഡിറ്റ് തീയതിയിലും തിരികെ ലഭിച്ചിട്ടില്ല.

20-21വർഷത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് ടി അക്കൗണ്ടിലെ തുക പുതിയതായി അക്കൗണ്ട് ആരംഭിച്ച് ആയതിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ കടുത്തുരുത്തി സബ്ട്രഷറിയിൽ നിലവിലുണ്ടായിരുന്ന റ്റി.എസ്.ബി 709051400000004 നമ്പർ അക്കൗണ്ട് 6-5-20തീയതിയിൽ ക്ലോസ് ചെയ്ത് പുതിയ എൽ.ജി.റ്റി.എസ്.ബി 799013000000154 അക്കൗണ്ട് ആരംഭിക്കുകയും പഴയ A/C-ലെ 44,43,876/-രൂപ ടി അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്തിരുന്നു. എന്നാൽ അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുണ്ടായിരുന്ന

അക്കൗണ്ടിലെ തുക 82,928/- രൂപ ട്രഷറിയിലെ പഴയ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടത്. ആയതിനാൽ പ്രസ്തുത തുക പുതിയ അക്കൗണ്ടിലേക്ക് മാറ്റിയിടണമെന്ന് ട്രഷറിയിൽനിന്നും അറിയിച്ചതനുസരിച്ച് ആയതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് 23-7-21-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തിരുന്നു (അജണ്ട4 ,തീരുമാനം -1) തുടർനടപടികളുടെ ഭാഗമായി 25-8-21ൽ കടുത്തുരുത്തി സബ്ട്രഷറി ഓഫീസർക്ക് പ്രസ്തുത വിവരം കാണിച്ച് കത്ത് (നം-എഓ-4496/2021) നൽകിയിരുന്നെങ്കിലും ഓഡിറ്റ് തീയതിയിലും തുക പുതിയ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല. സർക്കാർ തലത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ ക്ലോസ് ചെയ്ത അക്കൗണ്ടിലെ തുക മാറ്റി നൽകുന്നതിന് കഴിയൂ എന്ന് ട്രഷറിയിൽനിന്നും അറിയിച്ചതായി അക്കൗണ്ടന്റ് വിശദീകരണം നൽകി. ആയതിനാൽ തുക മാറ്റി ലഭിക്കുന്നതിനുള്ള മേൽനടപടികൾക്കായി വിഷയം പഞ്ചായത്ത് ഡയറക്ടർ മുഖേന ട്രഷറി ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമാർഗ്ഗേണ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1-30 ഓഡിറ്റ് ഇംപാക്ട്

1)വാടക കുടിശ്ശിക 8188/- രൂപ അടവാക്കി

വാടകയിനത്തിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിച്ചിരുന്നത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതനുസരിച്ച് തുക (എൻക്വയറിനം-13/13-12-22) ബന്ധപ്പെട്ട വാടകക്കാർ 15.12.2022 ൽ വിവിധ രസീതുകൾപ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

2) തൊഴിൽനികുതി 700/- രൂപ അടവാക്കി

തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ 700/- രൂപയുടെ വിവരം ശ്രദ്ധയിൽപ്പെടുത്തിയത്പ്രകാരം (എൻക്വയറിനം -14/13-12-22) 15.12.2022 ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

3)ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ-ഓവർഹെഡ് ചാർജിനത്തിൽ അധികമായി നൽകിയ 53,658/-രൂപ തിരിച്ചടച്ചു

2020-21 വർഷം ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതും ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കി തൻവർഷം സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി 2016/2018 ലെ ഡി.എസ്.ആർ. അനുസരിച്ചാണ്. നികുതി റിക്കവറികൾ ക്രമീകരിക്കുന്നതിനുദ്ദേശിച്ചാണ് ഓവർഹെഡ്ചാർജ് അനുവദിക്കുന്നത്. പ്രവൃത്തികളുടെ വേലമൂല്യത്തിൽനിന്നും 2% ആദായനികുതിയും 1% ക്ഷേമനിധിവിഹിതവും കുറവുചെയ്തതിനുശേഷമുള്ള തുക കൺവീനർമാർക്ക് അനുവദിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.11.14ലെ 1/1559/ 2010/സി.ഇ. നമ്പർ സർക്കുലറനുസരിച്ച് ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽതുകയോ, ഇതിൽ ഏതാണോ കുറവ് ആയതിനുമാത്രമേ സമിതിക്ക് അർഹതയുള്ളൂ. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ യഥാർത്ഥചെലവിന് മാത്രമേ അർഹതയുള്ളൂ. ആയതിനാൽ 3% ഓവർഹെഡ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. വേലമൂല്യത്തിൽനിന്നും ബാക്കി 4.5% കണക്കാക്കി കുറവുചെയ്യാതെ കൺവീനർമാർക്ക് ബിൽതുക അനുവദിച്ചതുവഴി വിവിധ പ്രവൃത്തികളിലായി ഈയിനത്തിൽ അധികച്ചെലവ് ഉണ്ടായത് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതനുസരിച്ച് (എൻക്വയറിനം 10/ 12-12-2022) വിവിധ പ്രവൃത്തികളിലായി അധികമായി നൽകിയ 53,658/-രൂപയിൽ 37743/-രൂപ ;രസീത് നം 1220105345/16-12-22പ്രകാരവും 15,915/-രൂപ ;രസീത് നം 1220105367/16-12-22 പ്രകാരവും തിരികെ അടവാക്കി.

4)ടെൻഡർ ഡിഡക്ഷൻ കുറവുചെയ്യാത്തതിനാൽ അധികം അനുവദിച്ച2359/-രൂപ തിരികെ അടവാക്കി

മത്സ്യകോളനി-കുമ്പളശ്ശേരി റോഡ് റീടാറിംഗ് പ്രവൃത്തിക്ക് ടെൻഡർ ഡിഡക്ഷൻ കുറവുചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു നൽകിയതിനാൽ 2359/-രൂപയുടെ അധികച്ചെലവുണ്ടായത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (എൻക്വയറിനം -12/12-12-22) രസീത് നം 1220105345/16-12-22 പ്രകാരം കരാറുകാരൻ തിരികെ അടവാക്കി.

ക്രമനമ്പർ 3,4 എന്നിവ പ്രകാരം ഈടാക്കിയിട്ടുള്ള തുകകൾ റോഡ്/ റോതരസംരക്ഷണഗ്രാന്റുകൾ വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളായതിനാൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ തുകകൾ നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2021-22	13.12.2022

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പ്രോജക്റ്റ് നം.	വിഹിതം നൽകിയ സ്ഥാപനം	ലഭിച്ചതുക	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാക്കി
81/22	ജില്ലാ പഞ്ചായത്ത്	1747708	ലൈഫ് ഭവനപദ്ധതി എസ്.സി.പി	1747708	0
18/22	”	400000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	400000	0
184/22	,,	1150000	ആംബുലൻസ് വാങ്ങൽ	1150000	
12/22		69260	ലൈഫ് ഭവനപദ്ധതി, ജനറൽ	69260	
	ആകെ	3366968			3366968
81/22	ബ്ളോക്ക് പഞ്ചായത്ത്	300000	ലൈഫ് ഭവനപദ്ധതി എസ്.സി.പി	300000	0
18/22	”	86800	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	86800	0
	ആകെ	386800			386800

4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് തൻവർഷം തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

4-5 വായ്പ/വായ്പാ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018	6856000/-	0/-	1232000/-	-	5624000/-

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവ് ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15 2015-16	2-5 2-6, 2-7, 2-8, 2-10	2016-17	അനുബന്ധം 4, അനുബന്ധം 5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15		2016-17	അനുബന്ധം 3	വസ്തുനികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	100739928
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	76999367
വരവിനങ്ങളിലുള്ള നഷ്ടം	:	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	7,79,421

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	86151	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-24	43270	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-25	650000	ഹെഡ്മിസ്ട്രസ്
ആകെ	7,79,421	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിയ്ക്കുന്ന ഖണ്ഡികകൾ
2003-04	കെ.എസ്.എ കെ.ടി.എം പി.5.325/07/04.08.07	
2004-05	കെ.എസ്.എ കെ.ടി.എം പി 8 അദാ.2022/861(2)/04.08.22	2
2007-08	കെ.എസ്.എ കെ.ടി.എം പി 8 അദാ/2022/86(4)/22/04.08.22	5
2009-10&2010-11	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(6)/ 2018/09.01.18	24
2011-12	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(7)/ 2018/09.01.18	16
2012-13 & 2013-14	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(1)/22/09.08.2022	8
2014-15	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/861(6)/22/04.08.22	5
2015-16	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(2)/22/04.08.2022	8
2016-17	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(3)/22/04.08.2022	18
2017-18	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(4)/22/04.08.2022	19
2018-19	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/171(2)/04.08.2022	28
2019-20	കെ.എസ്.എ കെ.ടി.എം പി 8 -/1611/22/07.06.22	17

2020-21	കെ.എസ്.എ കെ.ടി.എം പി 8 -1618/22/17.05.2022	19

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്